

# പോയട്രി കില്ലർ

## ശ്രീപാർവ്വതി

എഴുത്തുകാരെ തേടിയെത്തുന്ന കൊലയാളി. അയാൾ വിരലടയാളം പോലും അവശേഷിപ്പിക്കുന്നില്ല. പകരം മരണസ്ഥലത്തുനിന്ന് കിട്ടുന്നതാകട്ടെ, മനോഹരമായ കവിതകൾ. വരികൾക്കിടയിലുള്ളത് പിന്നാലെ സംഭവിക്കാനിരിക്കുന്ന കൊലപാതകങ്ങളുടെ ജാതകം. ഇവയുടെ രഹസ്യം തേടി സമർത്ഥനായ ഒരു പൊലീസ് ഉദ്യോഗസ്ഥൻ നടത്തുന്ന അന്വേഷണത്തിന്റെ ചുരുളാണ് ഈ നോവൽ. വായനക്കാരെ തെറ്റിദ്ധരിപ്പിച്ച് വളഞ്ഞ വഴിക്ക് നടത്താനുള്ള സ്ഥിരം കുബുദ്ധികൾ ഈ പുസ്തകം പ്രയോഗിക്കുന്നില്ല. ദിനക്കുറിപ്പുകളിലൂടെയും ഇന്റർവ്യൂകളിലൂടെയും പത്രസമ്മേളനത്തിലെ ചോദ്യോത്തരങ്ങളിലൂടെയുമൊക്കെ അയത്നലളിതമായി കഥയെ പ്രത്യേകമട്ടിൽ കൊണ്ടുപോകാനാണ് ശ്രമം. തെളിമയുള്ള ഭാഷയും മികവുറ്റ എഡിറ്റിങ്ങും വഴി വായനാമുഹൂർത്തങ്ങളെ ചടുലവും ഉദ്വേഗഭരിതവുമാക്കി. വായനക്കാരെ ഒപ്പം നിർത്തുമെന്നുറപ്പാക്കാൻ സൂക്ഷ്മതയോടെയാണ് ശ്രീപാർവ്വതി ഈ പുസ്തകം എഴുതിയിട്ടുള്ളത്.

– ജി. ആർ. ഇന്ദുഗോപൻ


കവർ ഡിസൈൻ : വിശാഖ് രാജ്

ഡിസിബുക്സ്

www.dcbooks.com

ISBN 978-93-5390-554-5

00007

9 789353 905545

നോവൽ | E-book available | ₹ 150


പോയട്രി കില്ലർ • ശ്രീപാർവ്വതി

ഡി സി ബുക്സ്

CRIME THRILLER

DCB

7-ാം പതിപ്പ്



# പോയട്രി കില്ലർ

## ശ്രീപാർവ്വതി

College Of Avian Sciences & Management
LIBRARY
Thiruvazhamkunnu

1728

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu

**COLLEGE OF AVIAN SCIENCES & MANAGEMENT**
**KVASU CAMPUS, THIRUVAZHAMKUNNU**

Acc. No. 1728 Call No. ..........................

**This book should be returned on or before the date last given below.**

| | | |
|---|---|---|
| | | |

ശ്രീപാർവ്വതി

എഴുത്തുകാരി, സ്വതന്ത്ര മാധ്യമപ്രവർത്തക. *പ്രണയപ്പാതി*, (പ്രണയക്കുറിപ്പുകൾ), *മീനുകൾ ചുംബിക്കുന്നു*, *മിസ്റ്റിക് മൗണ്ടൻ*, *നായിക അഗത ക്രിസ്റ്റി* (നോവൽ), *നക്ഷത്രങ്ങളുടെ പുസ്തകം* (അഭിമുഖം) എന്നിവയാണ് പുസ്തകങ്ങൾ.

ശ്രീപാർവ്വതി

# പോയട്രി കില്ലർ

ഡി സി ബുക്സ്

MALAYALAM LANGUAGE
Poetry Killer

NOVEL
by Sreeparvathy

Rights Reserved
First Published July 2020
This edition-December 2021

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sreeparvathy.
Poetry Killer/ Sreeparvathy
128 p., 21 cm.
ISBN 978-93-5390-554-5
1. Malayalam Novel I. Title
894.812 308 72-dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5390-554-5

Printed in India
at D C Press, Kottayam, INDIA

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

935/21-22-Sl.No 22413-dcb 7476-(7)2000-3066-12-21-hn 60-p rr-r(t)sm-d(t) sm

ആമുഖം

## തലച്ചോറുകൊണ്ടുള്ള എഴുത്ത്

പോലീസ് സ്റ്റോറി എഴുതണമെന്നത് വലിയ ആഗ്രഹമായിരുന്നു. ഇതിനു തൊട്ടു മുൻപെഴുതിയ "ഞാൻ എമ്മ ജോൺ" എന്ന ക്രൈം സ്റ്റോറി നായികയായ എമ്മ ജോണിന്റെ കാഴ്ചപ്പാടിൽനിന്നും മാത്രം കഥ പറഞ്ഞുപോകുന്ന രീതിയിലുള്ളതായിരുന്നു. എന്നാൽ അതിലുണ്ടായിരുന്ന അന്വേഷണ ഉദ്യോഗസ്ഥന് അവിടെ പലയിടത്തും നിശ്ശബ്ദത കൊടുക്കേണ്ടി വന്നു. കേസ് കൈയിൽ എത്തിപ്പെടുന്ന വിധം, അത് അന്വേഷിക്കുന്ന രീതികൾ, ഉത്തരത്തിലേക്ക് എത്തിപ്പെടുന്നത് എങ്ങനെ എന്നത്, ഇതൊക്കെയായിരുന്നു ആ നോവലിൽ പറഞ്ഞിരുന്നത് എങ്കിൽ മറ്റൊരു രീതിയിലേക്കു വായന മാറിയേനെ. ആ ഒരു ചിന്തയുടെ ഉത്തരമാണ് ഈ പുസ്തകം. പൂർണമായും ഒരു അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ണിലൂടെ കാഴ്ചയെ കാണുന്ന കഥയാണിതിൽ. അതുകൊണ്ടുതന്നെ അതത്ര എളുപ്പമായിരുന്നില്ലെന്നും പറയണമല്ലോ.

കേരള പോലീസ് ഒരുപാട് പ്രായോഗികമായും സാങ്കേതികമായും ഉയർന്നിരിക്കുന്നു. സിസി ടിവിയും മൊബൈൽ ടവർ ലൊക്കേഷനും എടുത്താൽതന്നെ വേട്ടക്കാരനെ കണ്ടെത്താൻ ഇപ്പോൾ വളരെയെളുപ്പമാണ്. വിരലടയാളം എടുത്ത് അതിൽനിന്നും തെളിവ് ശേഖരിച്ച് കുറ്റം ചെയ്തയാളെ കണ്ടെത്താൻ പുതിയ സാങ്കേതികവിദ്യകൾ ഉണ്ടായിരിക്കുന്നു. അതുകൊണ്ടുതന്നെ കുറ്റം ചെയ്യാൻ എളുപ്പമാണെങ്കിലും അത് ഒളിച്ചുവയ്ക്കാൻ ഒട്ടുമേ എളുപ്പമല്ല. അതേ സാഹസികത ഒരു ക്രൈം ഫിക്ഷൻ എഴുതുന്ന ആളും നേരിടേണ്ടി വരുന്നുണ്ട്. ഓരോ സാഹചര്യങ്ങളെയും പ്രത്യേകിച്ച് ഒരു പോലീസിന്റെ കണ്ണുകൾ കൊണ്ട് കാണുമ്പോൾ തെളിവുകൾ അതിവേഗത്തിൽ മുന്നിൽ വന്നു കിടക്കും. അതിൽനിന്നൊക്കെ സമർത്ഥമായി മാറി നിന്നാൽ മാത്രമേ കുറ്റവാളിക്ക് സമയം ലഭിക്കൂ, ഒപ്പം കഥ പറയാൻ എഴുത്തുകാരനും.

കഥയിലെ കഥാപാത്രങ്ങളെല്ലാംതന്നെ ഇതിൽ മുഖമോ രൂപമോ നല്കാത്തവരാണ്. അത് മനഃപൂർവവുമാണ്. ഒരു ക്രൈം ഫിക്ഷൻ വായിക്കുമ്പോൾ ആ പരിചയപ്പെടുത്തൽ, അവരുടെ ആകാരം എന്നിവ വായനക്കാരന്റെ വായനയ്ക്കും ചിന്തയ്ക്കുമനുസരിച്ച് രൂപപ്പെട്ടു വരേണ്ടതാണെന്നാണ് എനിക്കു തോന്നുന്നത്. ഒരു സിനിമപോലെ കാണാൻ ആഗ്രഹിക്കുന്നവർക്ക് കഥാപാത്രങ്ങളായി വായനയിൽ തോന്നുന്ന ആരെയും സാങ്കല്പികം, ആ ഒരു വായനാ സ്വാതന്ത്ര്യത്തെ നശിപ്പിച്ച് എഴുത്തുകാരനായി അയാളുടെ ഇഷ്ടത്തിലേക്ക് അവരുടെ രൂപത്തെ ഒതുക്കേണ്ടതുണ്ടെന്നു കരുതുന്നില്ല. അതുകൊണ്ടുതന്നെ

കഥാപാത്രവിശദീകരണം അധികം കഥാപാത്രങ്ങൾക്ക് ഈ നോവലിൽ നിങ്ങൾക്കു കാണാനാവില്ല.

കോട്ടയം ആംഡ് ഫോഴ്സിലെ രാഹുലൻ വി എബ്രഹാം സർ ആണ് ഈ വിഷയത്തിൽ ഏറ്റവുമധികം ഒപ്പം നിന്നത്. പോലീസിന്റെ വഴികളിൽ സഞ്ചരിക്കാൻ അതേ വിഭാഗത്തിൽപ്പെട്ട ഒരാളില്ലെങ്കിൽ അതിന്റെ ആധികാരികത നഷ്ടപ്പെടും എന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഉപദേശം രണ്ടും കൈയും നീട്ടി സ്വീകരിച്ചു. ഒപ്പം പെരുമ്പാവൂരിലെ ഉദ്യോഗസ്ഥനായ സജി മാർക്കോസ് പലപ്പോഴും ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം കൃത്യമായി ഉത്തരങ്ങൾ നല്കിയും സഹായിച്ചിരുന്നു. പോലീസ് സ്റ്റോറിയിൽ ഒഴിവാക്കാൻ വയ്യാത്ത ഒന്നാണ് ഫോറൻസിക് വിഭാഗം. തുടങ്ങിവച്ചത് ഉമാദത്തൻ സാറിന്റെ പുസ്തകങ്ങളിൽനിന്നുമാണ്. ഫെയ്സ്ബുക്കിൽ ഡോക്ടർ ജിനേഷ് എഴുതിയ പോസ്റ്റ്മോർട്ടം സംബന്ധിച്ച കുറിപ്പുകളും ഒരുപാട് സഹായിച്ചു. ഇതെല്ലാം കണ്ടെത്താൻ സഹായിച്ചത് രാഹുലൻ വി എബ്രഹാം ആയതുകൊണ്ട് ഈ പുസ്തകത്തിന്റെ പേരിൽ ഏറ്റവുമധികം നന്ദിയും സ്നേഹവും രേഖപ്പെടുത്തേണ്ടത് അദ്ദേഹത്തിനാണ്. അതുപോലെ മെഡിസിൻ വിഭാഗത്തിൽ അടുത്ത സുഹൃത്ത് ഡോക്ടർ ബിനു ഷേണായി നൽകിയ സഹായവും മറക്കാനാവില്ല.

ആദ്യവായനയിൽ അഭിപ്രായങ്ങൾ അറിയിച്ച ഉണ്ണിമാക്സ്, അനൂപ്, ശശികുമാർ, റിഹാൻ റാഷിദ്, അജീഷ്, പ്രിയ കോമ്രേഡ് ജോയ് മാത്യു, എന്നിവർക്ക് ഹൃദയത്തിൽനിന്നും നന്ദിയും സ്നേഹവും അറിയിക്കുന്നു. പ്രചോദനവും ഉപദേശങ്ങളുമായി കൂടെ നിൽക്കുന്ന ലാജോ ജോസ്, നാരായണൻ, രാധാകൃഷ്ണൻ, മരിയ റോസ്, ജയറാം സാമി, ഡോ. മോൻസൺ മാവുങ്കൽ എന്നിവരെ ഈ പുസ്തകത്തോടൊപ്പം ഓർക്കുന്നു. നോവൽ വായിച്ച് നിർദ്ദേശങ്ങൾ നൽകിയ ഡി സി ബുക്സിലെ എഡിറ്റർ ആർ രാമദാസിനോടുള്ള സ്നേഹം വാക്കുകൾകൊണ്ട് പറയാൻ വയ്യ. പുസ്തകം വായിക്കുകയും സ്ഥിരമായി അപ്ഡേഷനുകൾ അന്വേഷിക്കുകയും ചെയ്യുന്ന ഏറ്റവും പ്രിയപ്പെട്ട വായനക്കാർക്കാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്.

ഈ പുസ്തകം പ്രസാധനത്തിനായി തെരഞ്ഞെടുത്ത ഡിസി ബുക്സിനോടുള്ള ഹൃദയം നിറഞ്ഞ ആദരവും സ്നേഹവും അറിയിച്ചുകൊള്ളുന്നു.

**ശ്രീപാർവ്വതി**

# പോയട്രി കില്ലർ

# ഉപസംഗ്രഹം

**പോയട്രി കില്ലിങ് മർഡറർ ആമില ദാസ് കുറ്റം സമ്മതിച്ചിരിക്കുന്നു. വിധി ഉടനേ.**
ആമിലയുടെ വിധി എന്താണെന്നും തുടർന്നുള്ള വാർത്തകളുമറിയാൻ സെപ്റ്റംബർ ഒന്ന് മുതലുള്ള പത്രങ്ങൾ പരിശോധിക്കുക.

**ഒരു പെണ്ണിന്റെ പ്രതികാരത്തിന്റെ വഴികളിലൂടെ ആമിലാദാസ്**
ആമിലയുമായുള്ള അഭിമുഖവുമായി തേജസ്വിനി മാസികയുടെ സെപ്റ്റംബർ പതിപ്പ് ഇറങ്ങിയിട്ടുണ്ട്.

**മാലതി-ആമിലമാരുടെ പിതാവിന്റെയും മാതാവിന്റെയും ചിത്രങ്ങൾ കണ്ടു തിരിച്ചറിഞ്ഞ് അവരുടെ ഒരു പഴയ ബന്ധു SP ഓഫീസിലെത്തിയിരുന്നു.**
വാർത്തയുടെ വിശദവിവരങ്ങളറിയാൻ ഓഗസ്റ്റ് 25-ലെ വാർത്ത പരിശോധിക്കുക.

**ജെയിംസിന്റെ കൊലപാതകം പത്രവാർത്ത വായിക്കാൻ 2015 മാർച്ച് 2 മുതലുള്ള പത്രങ്ങൾ നോക്കുക.**
**ഭാസിയുടെ മരണം, വാർത്ത വായിക്കാൻ ഏപ്രിൽ 2 മുതലുള്ള വാർത്തകൾ നോക്കുക.**

**അരുൺ ദാസിന്റെ മരണവാർത്ത വായിക്കാൻ മെയ് 7 മുതലുള്ള വാർത്തകൾ വായിക്കാം. ജെയിംസും അരുണും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വന്ന സ്പെഷ്യൽ റിപ്പോർട്ടുകൾ വായിക്കാൻ ഓഗസ്റ്റ് 15 മുതലുള്ള വാർത്തകൾ ശ്രദ്ധിക്കുക.**

**കബീർ ഹുസൈന്റെ മരണത്തെക്കുറിച്ച് അറിയാൻ ജൂൺ 2 മുതലുള്ള വാർത്തകൾ വായിക്കാം.**

**വീണ നാഥിനെക്കുറിച്ചുള്ള മരണവാർത്തകൾ അറിയാൻ ആഗസ്റ്റ് 2 കഴിഞ്ഞുള്ള പത്രങ്ങൾ എടുത്തു നോക്കുക.**

**സത്യാന്വേഷി എന്ന വെബ്സൈറ്റ് ഇപ്പോൾ ഇല്ലെങ്കിലും അതിൽ ആമില എഴുതിയ (യഥാർത്ഥ പേരല്ല) കുറിപ്പുകൾ ഇവിടെ വായിക്കാം.** www.poetrykiller.com